നബാർഡ് വായ്പാ പദ്ധതി

125 (2363) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന് ഈ സാമ്പത്തിക വർഷം നബാർഡ് വായ്പാ പദ്ധതി അനുവദിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എങ്കിൽ എത്ര കോടി രൂപയുടെ വായ്പയാണ് സംസ്ഥാനത്തിനു നൽകുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാൾ എത്ര ശതമാനം കൂടുതലാണ് ഈ വർഷം അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) ഏതെല്ലാം മേഖലകളിൽ വിനിയോഗിക്കുവാനാണ് വായ്പ അനുവദിച്ചത് ; വിശദാംശങ്ങൾ നല്കാമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തിന് ഈ സാമ്പത്തിക വർഷം നബാർഡ് 1000 കോടി രൂപയുടെ വായ്പാ പദ്ധതി അനുവദിച്ചിട്ടുണ്ട്.

(സി) കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാൾ 25% കൂടുതലാണ് ഈ വർഷം അനുവദിച്ചിട്ടുള്ളത്.

(ഡി) ഗ്രാമീണ മേഖലയിൽ മുടെ ചേർക്കുന്ന വിഭാഗങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് വേണ്ടിയാണ് നബാർഡ് വായ്പ അനുവദിച്ചിട്ടുള്ളത്.

1. കൃഷിയും അനുബന്ധ മേഖലകളും
2. മൃഗസംരക്ഷണം
3. വനം/വന്യജീവി സംരക്ഷണം
4. മത്സ്യബന്ധനം
5. ഗ്രാമീണ വികസനം
6. ജലസേചനം
7. ആരോഗ്യ കുടുംബക്ഷേമം
8. കുടിവെള്ളം
9. വിദ്യാഭ്യാസം
10. റോഡുകളും പാലങ്ങളും

LIBRARY ARCHIVES Kerala Legislative Assembly